## പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 5393 — 26.03.2018 -ൽ മറുപടിയ്ക്ക്

**ചങ്ങനാശ്ശേരിയിൽ ഭവന നിർമ്മാണ ബോർഡിന്റെ വസ്തുവിൽ നിർമ്മാണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.എഫ്.തോമസ്:** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ചങ്ങനാശ്ശേരി റവന്യൂ ടവറിനു സമീപം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥത യിലുള്ള വസ്തുവിൽ നാളിതുവരെയും ഒരു നിർമ്മാണ പദ്ധതിയും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) ചങ്ങനാശ്ശേരി റവന്യൂ ടവർ സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്നുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 75 സെന്റ് സ്ഥലത്തിൽ ഉൾപ്പെട്ട 59.20 സെന്റ് സ്ഥലത്ത് 72 ഫ്ലാറ്റുകൾ ഉൾപ്പെടുന്ന ഒരു ഫ്ലാറ്റ് സമുച്ചയം ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി ശേഖരിച്ച് കൊണ്ട് പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുവാൻ 29.02.2016-ലെ ജി.ഒ(എം.എസ്) നം.17/2016/ഭവനം സർക്കാർ ഉത്തരവിലൂടെ സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഡിമാന്റ് സർവ്വെ നടത്തിയപ്പോൾ ഫ്ലാറ്റുകൾക്ക് വേണ്ടത്ര ആവശ്യക്കാരെ ലഭിച്ചിരുന്നില്ല. എന്നിരുന്നാലും പ്രസ്തുത പാരസ്പര്യം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യക്കാരെ കണ്ടെത്തുന്നതിനായി ഒന്നുകൂടി Project Specific Demand Survey നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കി മാത്രമേ പദ്ധതി നടപ്പിലാക്കാനാകുകയുള്ളൂ. |

| | |
|---|---|
| (ബി) ചങ്ങനാശ്ശേരി ടൗണിന്റെ പ്രധാന ഭാഗത്തുള്ള ഈ സ്ഥലത്ത് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനോ മറ്റ് ഏതെങ്കിലും പ്രയോജനകരമായ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനോ നടപടി സ്വീകരിക്കുമോ? | (ബി) ചങ്ങനാശ്ശേരി ടൗണിന്റെ പ്രധാന ഭാഗത്തുള്ള പ്രസ്തുത സ്ഥലത്ത് അംഗീകാരം ലഭിച്ചിട്ടുള്ള 72 ഫ്ലാറ്റുകൾ അടങ്ങുന്ന പാരസ്പര്യം പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ